II ഇ.ബി.XIV-കേരള നിയമസഭ/V-11

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയുടെ സ്ത്രീവിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് വൈദ്യുതി വകുപ്പിനെ സംബന്ധിച്ച ചോദ്യം ബഹിഷ്കരിക്കുന്നതായി ചോദ്യകർത്താക്കൾ അറിയിച്ചതിനാൽ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 331 സഭയിൽ എടുത്തില്ല.)

37(* 332 ) നിർമ്മാണ മേഖലയിലെ പ്രതിസന്ധി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള കേന്ദ്ര വനം-പരിസ്ഥിതി-

കാലാവസ്ഥാ മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ രണ്ടായിരത്തിലധികം ചെറുകിട കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിലച്ച സാഹചര്യത്തിൽ കരിങ്കല്ലിനും മെറ്റലിനും സിമന്റുൾപ്പെടെയുള്ള മറ്റു കെട്ടിട നിർമ്മാണ സാമഗ്രികൾക്കും ഓരോ ജില്ലയിലും വ്യത്യസ്ത രീതിയിൽ വില വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഖനന - നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിതലത്തിലും വ്യവസായ വകുപ്പുമന്ത്രി തലത്തിലും ചീഫ് സെക്രട്ടറിതലത്തിലും യോഗങ്ങൾ ചേരുകയും ജില്ലാ കളക്ടർ ചെയർമാനായി എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റികൾ രൂപീകരിച്ച് നിർമ്മാണ മേഖലയ്ക്കാവശ്യമായ ഉല്പന്നങ്ങളുടെ ലഭ്യതയ്ക്കായി നിയമവിധേയമായി അപേക്ഷ സമർപ്പിക്കുന്നവരുടെ പാരിസ്ഥിതികാനുമതി ദ്രുതഗതിയിലാക്കുന്നതിനും 5 ഹെക്ടറിൽ താഴെയുള്ള കരിങ്കൽ ക്വാറികളുടെ പാരിസ്ഥിതികാനുമതി ലളിതമാക്കുന്നതിനും ഫീസ് നിരക്ക് കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സിമെന്റ് കമ്പനികളുടെ കാർട്ടലാണ് ഇന്ത്യയിൽ സിമെന്റ് വില നിശ്ചയിക്കുന്നതെന്നും സിമെന്റ് ഉത്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ച് വില വർദ്ധന നിയന്ത്രിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും ഡീമോണിറ്റൈസേഷനെ തുടർന്ന് സിമെന്റ് വില കുറഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലാറ്ററേറ്റിന്റെ അഭാവവും ചില കേസുകളെത്തുടർന്നുണ്ടായ പ്രതിസന്ധിയും തരണം ചെയ്ത് മലബാർ സിമെന്റ്സിന്റെ ഉത്പാദനം പ്രതിദിനം 2000 ടൺ ആക്കി വർദ്ധിപ്പിക്കാനും ചേർത്തല പ്ലാന്റിലും കോട്ടയം ട്രാവൻകൂർ സിമെന്റ്സിലും വൻതോതിൽ ഗ്രേവ് സിമെന്റ് ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചിൻ പോർട്ടിൽ മലബാർ സിമെന്റ്സിന്റെ 7 ഏക്കർ സ്ഥലത്ത് ഇറക്കുമതി ചെയ്ത ക്ലിംഗറും ഫ്ലൈ ആഷും ഉപയോഗിച്ച് സിമെന്റ് ഉത്പാദിപ്പിച്ച് ഹോൾസെയിൽ ട്രേഡർമാരെ പ്രോത്സാഹിപ്പിക്കാനും മലബാർ സിമെന്റ്സിന്റെ മാർക്കറ്റ് ഷെയർ വർദ്ധിപ്പിക്കാനും വില നിയന്ത്രിക്കാനുമുള്ള പരിശ്രമങ്ങൾ തുടരുന്നതാണ്. മണൽ ക്ഷാമം പരിഹരിക്കുന്നതിന് ഭാരതപ്പുഴയിലെ വാട്ടർ ലെവലിനു മുകളിലുള്ള മണലെടുക്കുന്നതിന് സാന്റ് ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുന്ന മണൽ മിതമായ വിലയ്ക്ക് പൊതുമേഖലയിൽ ലഭ്യമാക്കുന്നതിനും വിവിധ ജില്ലകളിലെ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കോഴിക്കോട് സ്റ്റീൽ കമ്പനിയുടെ ഉത്പാദനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ

മുൻകാലങ്ങളെ അപേക്ഷിച്ച് സ്റ്റീലിന്റെ വില കുറഞ്ഞിട്ടുണ്ടെന്നും നിർമ്മാണ മേഖലയിൽ സർക്കാർ ഉപയോഗിക്കുന്ന സംവിധാനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. നിയമവിധേയമായി മാത്രമേ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പ്രവർത്തിക്കുന്നുള്ളൂവെന്നും കേരളത്തിന്റെ സാഹചര്യത്തിൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന ബദൽ നിർമ്മാണ സാമഗ്രികളുടെ സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കുമെന്നും ഖനനം പൊതുമേഖലയിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

38(*333 &*339) <u>രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ്</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും പാവങ്ങളെ സംരക്ഷിച്ചുകൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതിനും വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പദ്ധതികൾക്കായി 20000 കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് രൂപീകരിച്ചിട്ടുണ്ടെന്നും 1999-ലെ കിഫ് ആക്ട് പ്രകാരം നിലവിൽ വന്ന കിഫ്ബിയെ സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ

പ്രയോജനപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിനുപുറമെ നിന്നും ഫണ്ട് കണ്ടെത്തി ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വൈദ്യുതി വിതരണം, പൊതുമരാമത്ത്, കുടിവെള്ളവിതരണം തുടങ്ങിയ എല്ലാ മേഖലകളിലുമുൾപ്പെട്ട സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. വാർഷിക ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കിവരുന്നതെന്നും ഇതുപ്രകാരം കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്കും 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്കും വ്യവസ്ഥകൾക്കുവിധേയമായി അംഗീകാരം നൽകുകയും അവയുടെ പ്രവർത്തന നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. ബഡ്ജറ്റിനുപുറമെ നിന്നും വിവിധ ധനാഗമ മാർഗ്ഗങ്ങളിലൂടെ കിഫ്ബി സ്വരൂപിക്കുന്ന പണം സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് വൻതോതിൽ നിക്ഷേപം നടത്തുന്നതുവഴി വിവിധ മേഖലകൾ ശക്തിപ്പെടുകയും അതിലൂടെ സമഗ്ര പുരോഗതി കൈവരിക്കാനും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും

സാധിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾക്ക് അനുവദിക്കാനുള്ള തുക കിഫ്ബിയിലുണ്ടെന്നും ഓരോ മാസവും എത്ര തുക കൊടുക്കേണ്ടിവരുമെന്നത് സംബന്ധിച്ച് അനുമാന കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ വായ്പയെടുക്കുകയുള്ളൂവെന്നും മോട്ടോർ വെഹിക്കിൾസ് ടാക്സ്, പെട്രോൾ സെസ്, വരുമാനാർജ്ജിത പദ്ധതികൾ എന്നീ ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് വിനിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു. കിഫ്ബി മുഖേന എടുക്കുന്ന വായ്പ എഫ്.ആർ.ബി.എം. ആക്ടിന്റെ പരിധിയിൽപ്പെടുകയോ ടി തുക സംസ്ഥാന ബഡ്ജറ്റിലേയ്ക്കോ ഏതെങ്കിലും വകുപ്പിലേയ്ക്കോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. ഇതിനകം 14000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കിഫ്ബി അംഗീകാരം കൊടുക്കുകയുണ്ടായി. കിഫ്ബിയുടെ കീഴിൽ സെബിയുടെയും ആർ.ബി.ഐ.-യുടെയും മാനദണ്ഡങ്ങൾക്കു വിധേയമായി ഫണ്ട് മൊബിലൈസ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സംബന്ധിച്ച് സെന്തിൽ ചെയർമാനായ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ട്രഷറി സേവിംഗ്സ് ബാങ്കിൽ വരുന്ന നെറ്റ് ഇൻക്രീസ് കിഫ്ബിയിൽ നിക്ഷേപിക്കാനും സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും പേമെന്റ് ട്രഷറി സേവിംഗ്സ് ബാങ്കുവഴി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ടെണ്ടർ

നടപടികൾ പൂർത്തീകരിച്ചതും പ്രവർത്തനം ആരംഭിക്കാത്തതും പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കുടിവെള്ള പദ്ധതികൾ ചട്ടപ്രകാരം റീടെണ്ടർ ചെയ്ത് കിഫ്ബിയിൽ ഉൾപ്പെടുത്തുകയും റോഡുകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന പ്രോജക്ടുകൾക്ക് പ്രത്യേക പാക്കേജായി തയ്യാറാക്കി ചോയിസ് അടിസ്ഥാനത്തിൽ ലാന്റ് ബോണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ടൂറിസം മേഖലയിൽ നിക്ഷേപകരുമായി ചർച്ച നടത്തി അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് പാക്കേജ് തയ്യാറാക്കി കിഫ്ബിയിലൂടെ നടപ്പിലാക്കുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മുന്തിയ പരിഗണന നൽകുകയും ചെയ്യുന്നുണ്ടെന്നും സൈക്കോളജിക്കൽ/മൾട്ടിപ്ലയർ ഇംപാക്ടിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കാൻ സാധിക്കുമെന്നും പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ സെബിയുടെ മാർഗ്ഗരേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രമിറക്കാൻ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾക്കുള്ള പണം കണ്ടെത്തുകയും അത് ചെലവഴിക്കപ്പെടുകയുമാണ് കിഫ്ബി ചെയ്യുന്നതെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

39(* 334 ) <u>ഖാദിയുടേയും മറ്റ് ഗ്രാമ വ്യവസായങ്ങളുടെയും പുരോഗതി</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഗ്രാമവ്യവസായങ്ങളുടെ പുരോഗതിക്കായി പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം വ്യക്തികൾക്ക് 25 ശതമാനം മുതൽ 35 ശതമാനം വരെ മാർജിൻമണി ഗ്രാന്റായി നൽകുന്നതോടൊപ്പം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്ന പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വ്യക്തികൾക്കും, സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്കും വായ്പകൾ ലഭ്യമാക്കുകയും മാർജിൻമണി നൽകുകയും ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഖാദി മേഖലയുടെ പുരോഗതിക്കായി ഉല്പാദന കേന്ദ്രങ്ങളിൽ ആവശ്യമായ അസംസ്കൃത സാധനങ്ങൾ യഥാസമയം ലഭ്യമാക്കൽ, റെഡിമെയ്ഡ് പാവ് ലഭ്യമാക്കൽ, ആയാസരഹിതമായതും ഉല്പാദനക്ഷമത കൂടിയതുമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ള ഉല്പാദന കേന്ദ്രങ്ങൾ, ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ, മിനിമം കൂലി, ഉല്പാദന ഇൻസെന്റീവ്, ഉത്സവബത്ത, ക്ഷേമനിധി, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തുടങ്ങിയവ ആവിഷ്കരിച്ചിട്ടുണ്ടെന്നും സംസ്ഥാന സർക്കാരിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വാർഷിക പദ്ധതികളിൽ ഖാദിയുടെ പുരോഗതിക്ക് മതിയായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി പോലുള്ള സാങ്കേതിക വികസന സ്ഥാപനങ്ങളുടെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലുപകരണങ്ങളുടെ ആധുനീകവൽക്കരണത്തിനും സാങ്കേതിക വിദ്യാവികസനത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഒരു ഗവേഷണ വിഭാഗം പ്രവർത്തിച്ചുവരുന്നതോടൊപ്പം പരിശീലന പരിപാടികളും സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നതിനും നടപടി ആരംഭിക്കുകയും രണ്ട് മേഖലാ സെമിനാറുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട തൊഴിലന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി പരമ്പരാഗത രീതിയിലുന്നിയും ആയാസരഹിതവും സൗരോർജ്ജം ഉപയോഗപ്പെടുത്തിയുമുള്ള യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ മെച്ചപ്പെട്ട ഉല്പാദനവും ഉല്പാദനക്ഷമതയും, തൊഴിലാളികൾക്ക് കൂടുതൽ കൂലിയും ലക്ഷ്യമിടുന്നുണ്ടെന്നും കാലാനുസൃതമായ അഭിരുചിക്കനുസരിച്ച് വസ്ത്ര നിർമ്മാണത്തിനായി കൊല്ലം, കോട്ടയം, ആലപ്പുഴ, പയ്യന്നൂർ, പാലക്കാട് എന്നിവിടങ്ങളിൽ റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. പി. കെ. ഗുരുദാസൻ കമ്മിറ്റി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനും ഖാദി സിൽക്കിന്റെയും തേൻ ഉൾപ്പെടെയുള്ള ഖാദി ഉൽപ്പന്നങ്ങളുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുകയും സെപ്റ്റംബർ 30 വരെ സമയപരിധി

നിശ്ചയിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ആവശ്യമായ ആനുകൂല്യങ്ങൾ നല്കി വായ്പാ കുടിശ്ശിക തിരിച്ചടവ് ഉറപ്പാക്കുകയും ചെയ്യുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും ഖാദിബോർഡിന് ആവശ്യമായ സഹായം നൽകി യൂണിറ്റുകളെ പുനരുദ്ധരിച്ച് സ്ത്രീകളുൾപ്പെടെയുള്ളവർക്ക് തൊഴിൽ നൽകാനും നടപടി സ്വീകരിക്കുന്നതാണ്. ഖാദിയുടെ ഗുണമേൻമ ഉറപ്പുവരുത്തി ഖാദി ബോർഡിന്റെ സ്റ്റാളുകൾ, സഞ്ചരിക്കുന്ന വിൽപ്പനശാലകൾ എന്നിവ വഴി ഖാദി ഉൽപ്പന്നങ്ങൾ വിൽക്കുകയും ഈ വർഷം കോട്ടയത്ത് ഒരു ഖാദി മാൾ ആരംഭിക്കുകയും ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് മാർക്കറ്റ് ചെയ്യാൻ കഴിയുന്ന രീതി അവലംബിക്കുമെന്നും ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട് ഖാദി ബോർഡ് മുഖാന്തിരം സ്വയംതൊഴിൽ പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ചും സബ്സിഡി നൽകുന്നതിനെക്കുറിച്ചും ആലോചിക്കുമെന്നും നിലവിൽ വനിതകൾക്കും എസ്.സി./എസ്.ടി ഉൾപ്പെടെയുള്ള പ്രത്യേക വിഭാഗങ്ങൾക്കും സബ്സിഡി നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3176 മുതൽ 3418 വരെയുള്ള ചോദ്യങ്ങളിൽ 105 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)